**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. എസ്. ആർ. സീമ - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ യു) വകുപ്പ്**

**സ.ഉ(സാധാ) നം. 959/ 2019/ ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 09/ 05/ 2019**

===

**ഉത്തരവ്**

പരാമർശം:- 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.07.2018 തിയതിയിലെ OA(EKM) 1012/ 2015, OA 1807/ 15& 1760/ 15 മേലുള്ള ഉത്തരവ്.

2. മുഖ്യ നഗരാസൂത്രകന്റെ 02.03.2019 ലെ എ 3-11195/ 2018 നമ്പർ കത്ത്.

3. 22.03.2019 തിയതിയിലെ സ.ഉ.(സാധാ) നം.690/ 2019/ ത.സ്വ.ഭ.വ

പരാമർശം ഒന്നിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരഗ്രാമാസൂത്രണ വകുപ്പിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. എസ്.ആർ.സീമ എന്ന ജീവനക്കാരിക്ക് ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൾക്ക് നിയമന ഉത്തരവ് നൽകിയിരുന്നില്ല.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ശ്രീമതി. എസ്.ആർ.സീമ എന്ന ജീവനക്കാരിയെ തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ആഫീസിൽ നിലവിൽ ഒഴിവുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് ഉടൻ പ്രാബല്യം വരുംവിധം നിയമനം നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ. മിത്ര റ്റി ഐ എ എസ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീമതി. എസ്. ആർ. സീമ, ഡെപ്യൂട്ടി ടൌൺ പ്ലാനർ. (മുഖ്യ നഗരാസൂത്രകൻ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ